**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി - കണ്ടിജന്റ് ചാർജ്ജ് വിതരണത്തിന് ഇ-ബാങ്കിംഗ് രീതി പ്രയോജനപ്പെടുത്തുന്നത്- അനുവാദം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം. 5123/2009/പൊ.വി. തീയതി, തിരുവനന്തപുരം, 7 /12/2009.

---

പരാമർശം:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 27.11.2007 ലെ
എൻ.എം (3) /76345/07/ഡിപിഐ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് നടപ്പാക്കി വരുന്ന 'സ്കൂളുകളിലെ ദേശീയ ഉച്ചഭക്ഷണ പദ്ധതി'യിലെ പാചകകൂലി ഉൾപ്പെടെയുള്ള കണ്ടിജന്റ് ചെലവുകൾക്ക് വേണ്ട തുക നിലവിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് അനുവദിക്കുകയും തുടർന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സ്കൂളുകൾക്ക് അനുവദിച്ചു കിട്ടുകയുമാണ് ചെയ്യുന്നത്. പ്രസ്തുത രീതിയിൽ തുക വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ഒഴിവാക്കുവാനായി ഇ- ബാങ്കിംഗ് മുഖേന ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നേരിട്ട് ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു നിർദ്ദേശം പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സമർപ്പിച്ചിരുന്നു.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശം സർക്കാർ വിശദമായി പരിശോധിച്ചു. 'സ്കൂളുകളിലെ ദേശീയ ഉച്ചഭക്ഷണ പദ്ധതി'യിലെ പാചകകൂലി ഉൾപ്പെടെയുള്ള കണ്ടിജന്റ് ചെലവുകൾക്കുള്ള ഫണ്ട് ഇ- ബാങ്കിംഗ് മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നേരിട്ട് അനുവദിക്കുന്നതിനുള്ള നിർദ്ദേശം താഴെ പറയുന്ന വ്യവസ്ഥകളോടെ അംഗീകരിച്ച് ഉത്തരവാകുന്നു.

(i) ഉച്ചഭക്ഷണ പദ്ധതിയിൽ വരുന്ന കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ, തുക വിനിമയം ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ, വിനിയോഗം സംബന്ധിച്ച പ്രസ്താവനകൾ എന്നിവയെല്ലാം അതത് പ്രാദേശിക ഭരണകൂടങ്ങളെ അറിയിച്ചിരിക്കണം.

(ii) മേൽ വിവരങ്ങൾ ഓരോ മാസവും നൽകുന്നതിനായി അനുയോജ്യമായ ഒരു പ്രാഫോർമ പൊതു വിദ്യാഭ്യാസ ഡയറക്ടർ തയ്യാറാക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് തദ്ദേശ ഭരണകൂടങ്ങളെ കൃത്യമായി അറിയിച്ചില്ലെങ്കിൽ അത് ഔദ്യോഗിക കൃത്യ നിർവ്വഹണത്തിൽ വന്ന വീഴ്ചയായി പരിഗണിക്കേണ്ടതാണ്.

(iii) ഉച്ചഭക്ഷണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിന്റെ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നിവ കൂടുതൽ ചിട്ടപ്പെടുത്തുന്നതിനും ഫലപ്രദമാക്കുന്നതിനും QIP വിഭാഗത്തിലുള്ള ഒരു വിദ്യാഭ്യാസ ഉപഡയറക്ടറുടെ സേവനം മാറ്റി നൽകേണ്ടതാണ്. ഉച്ചഭക്ഷണ പദ്ധതിയ്ക്കായി ഇന്ന് നിലവിലുള്ള ഓഫീസ് സംവിധാനത്തിന്റെ സംസ്ഥാനതലത്തിലുള്ള ചുമതല ഈ ഉദ്യോഗസ്ഥനായിരിക്കും.

(iv) ഇ- ബാങ്കിംഗ് മുഖേനയുള്ള ഫണ്ട് കൈമാറ്റത്തിന്റെ ആവശ്യത്തിനായി പൊതു വിദ്യാഭ്യാസ ഡയ്റക്ടറുടേയും സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റി (എൻ.എം)ന്റേയും പേരിൽ ജോയിൻറ് അക്കൗണ്ടായി എസ്.ബി.റ്റി, ജഗതി, തിരുവനന്തപുരം ശാഖയിൽ ഒരു കറണ്ട് അക്കൗണ്ട് തുറക്കേണ്ടതാണ്. ഈ അക്കൗണ്ടിലേയ്ക്ക് മൂന്നു മാസത്തേയ്ക്ക്, അതായത് ഒരു ക്വാർട്ടറിലേയ്ക്ക്, ആവശ്യമായ ഫണ്ട് മാത്രം അനുവദിക്കുന്നതും ഈ തുകയ്ക്കുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനനുസരിച്ച് മാത്രം അടുത്ത ക്വാർട്ടറിലേയ്ക്കുള്ള തുക അനുവദിക്കുന്നതുമാണ്.

(v) ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട തുകയല്ലാതെ മറ്റൊരു വിധത്തിൽപ്പെട്ട തുകകളും ഇങ്ങനെ പുതിയതായി ആരംഭിക്കുന്ന അക്കൗണ്ടിൽ നിക്ഷേപിക്കാൻ പാടില്ല.

ഈ - ബാങ്കിംഗ് മുഖേന ഉച്ചഭക്ഷണ പദ്ധതിയിലെ കണ്ടിജന്റ് ചെലവുകൾക്കുള്ള ഫണ്ട് വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർമാരുടെ അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള മേൽ പദ്ധതി പൈലറ്റ് പ്രോജക്ടായി ആദ്യം പാലക്കാട് ജില്ലയിൽ നടപ്പാക്കേണ്ടതാണ്. പദ്ധതിയുടെ നടത്തിപ്പ് ആസൂത്രണം ചെയ്യുന്ന പൈലറ്റ് ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, പാലക്കാട്, ചെർപ്പുളശ്ശേരി വിദ്യാഭ്യാസ ഉപജില്ലകളിൽ അതാത് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നടപടി ക്രമങ്ങൾ പാലിച്ച് അറിയിക്കുന്ന മുറയ്ക്ക് സമഗ്രമായ ഒരു സോഫ്റ്റ് വെയറിന്റെ സഹായത്തോടുകൂടി സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ അക്കൗണ്ടുകളിലേയ്ക്ക് ഫണ്ട് നേരിട്ട് വിതരണം നടത്തുന്നതിന് ഇ- ബാങ്കിംഗ് പ്രയോജനപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നോക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

ജോസഫ് രാജൻ.എഫ്
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും } പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും }
തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്
( 31.07.2009 ലെ അനൗ. കു.നമ്പർ 39545/എഫ്.എം.2/09/ ത.സ്വ.ഭ.വ,
10.11.2009 ലെ അനൗ.കു. 54759/എഫ്.എം.2/07/ ത .സ്വ.ഭ .വ.എന്നിവ പ്രകാരം)
ധന (വിദ്യാ. ബി) വകുപ്പ്.
(5.11.09- ലെ അനൗ.കു.നമ്പർ 65477/വിദ്യാ.ബി3/09/ധന പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം,തിരുവനന്തപുരം.
കരുതൽഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ